നൽകിയിട്ടുള്ളത് എന്നു പറയാമോ ; ഈ പ്രിസർവേറ്റീവുകൾ ശരിയായ അളവിൽ മാത്രമാണോ മരുന്നിൽ ചേർത്തിട്ടുള്ളതെന്നും അപകടകരമായ അവസ്ഥയിൽ ചേർത്തിട്ടുണ്ടോ എന്നും പരിശോധിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) സോഡിയം ബെൻസോവേറ്റ് പോലുള്ള പ്രിസർവേറ്റീവുകൾ മരുന്നുകളിൽ ഉപയോഗിക്കുന്നതിന് ഏതെല്ലാം ആയുർവ്വേദ മരുന്നു കമ്പനികൾക്കും സ്ഥാപനങ്ങൾക്കുമാണ് അനുവാദം നൽകിയിട്ടുള്ളത് എന്നു പറയാമോ ; ഈ സർക്കാരിന്റെ കാലയളവിൽ ഇത്തരത്തിൽ ലൈസൻസ് കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അരിഷ്ടാസവം, എണ്ണ, നെയ്യ് എന്നീ വിഭാഗത്തിൽപ്പെടുന്ന ആയുർവ്വേദ ഔഷധങ്ങളിൽ പ്രിസർവേറ്റീവുകൾ ചേർക്കേണ്ട ആവശ്യം ഇല്ലാത്തതിനാൽ അനുമതി നൽകാറില്ല. എന്നാൽ കഷായം, ലേഹ്യം, ടാബ്ലറ്റ്, ക്യാപ്സൂൾ തുടങ്ങിയ ആയുർവ്വേദ മരുന്നുകളിൽ പ്രിസർവേറ്റീവ് ചേർക്കുന്നതിന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940 ആന്റ് റൂൾസ് 1945-ലെ റൂൾ 169 പ്രകാരം 27-10-2008 മുതൽ അനുമതി നൽകിവരുന്നുണ്ട്. ആയുർവ്വേദ ഔഷധങ്ങളിൽ ചേർക്കാൻ അനുവദിച്ചിട്ടുള്ള പ്രിസർവേറ്റീവുകളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) 27-10-2008-ന് ശേഷം 369 സ്ഥാപനങ്ങൾക്ക് പ്രിസർവേറ്റീവ്സ് ചേർക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സോഡിയം ബെൻസോവേറ്റ് പോലുള്ള പ്രിസർവേറ്റീവുകൾ ആയുർവ്വേദ മരുന്നുകളിൽ ചേർക്കുന്നതിന് 2011 മേയ് മാസം മുതൽ അനുവദിച്ച സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർക്കുന്നു.*

ആയുർവ്വേദ കോളേജുകളിൽ കുറഞ്ഞ വരുമാനക്കാർക്ക് സൗജന്യ ചികിത്സയ്ക്കുള്ള മാനദണ്ഡങ്ങൾ

110 (6815) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആയുർവ്വേദ കോളേജുകളിൽ കുറഞ്ഞ വരുമാനക്കാർക്ക് ചികിത്സ സൗജന്യമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തി വരുമാനപരിധി വർദ്ധിപ്പിച്ച് കൂടുതൽ പേർക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത രോഗികൾ ആശുപത്രിയിൽ പാലിക്കേണ്ട രേഖകൾ സംബന്ധിച്ച് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 30-5-2014 തീയതിയിലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ. 150/14/ആകുവ പ്രകാരം സർക്കാർ ആയുർവ്വേദ കോളേജ് ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന 500 രൂപയിൽതാഴെ വരുമാനമുള്ള മുഴുവൻ രോഗികൾക്കും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ സൗജന്യ ചികിത്സ അനുവദിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇല്ല. എന്നാൽ വരുമാനം തെളിയിക്കുന്നതിനുവേണ്ടി റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ്, 500 രൂപയിൽതാഴെ മാസ വരുമാനം കാണിക്കുന്ന വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ് ഇവയിൽ ഏതെങ്കിലും രേഖകൾ ഹാജരാക്കുന്നവർക്ക് സൗജന്യ ചികിത്സ അനുവദിക്കാറുണ്ട്.

മാവേലിക്കര ആയുർവ്വേദ ആശുപത്രിയിൽ പഞ്ചകർമ്മ സെന്റർ ആരംഭിക്കുന്നതിന് നടപടി

111 (6816) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര, തഴക്കര പഞ്ചായത്തിലെ ആയുർവ്വേദ ആശുപത്രിയിൽ പഞ്ചകർമ്മ സെന്റർ ആരംഭിക്കുന്നതിന് എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെന്ന് വിശദമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് 22-5-2014-ൽ ആരോഗ്യവകുപ്പ് സെക്രട്ടറി, ഡയറക്ടർ ഓഫ് ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിന് കത്ത് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ഡയറക്ടർ പ്രസ്തുത കത്തിന് നാളിതുവരെയായും മറുപടി നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഇ) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്നതോടെ ഭരണാനുമതി നൽകുവാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly